പ്രാഥമിക ചികിത്സ നൽകി ഉടൻതന്നെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ടി ട്രോമാകെയർ ട്രെയിനിംഗ് ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നുണ്ട്. റോഡപകടങ്ങൾ ഉണ്ടായാൽ ഉടൻതന്നെ സ്ഥലത്തെത്തി പ്രഥമ ശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് ഹൈവേ പട്രോൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അപകടങ്ങളെക്കുറിച്ച് വിവരം അറിയിക്കുന്നതിനുവേണ്ടി 1099 എന്ന ട്രോൾ ഫ്രീ നമ്പർ പ്രവർത്തിച്ചുവരുന്നു.

ട്രോമാകെയർ പരിശീലനം ഘട്ടംഘട്ടമായി ട്രാഫിക് പോലീസിനും എ.ആർ. ക്യാമ്പ് അംഗങ്ങൾക്കും ലോക്കൽ പോലീസിനും നൽകുന്നതാണ്. പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഹൈവേ ജാഗ്രതാ സമിതികളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

ഓപ്പറേഷൻ കുബേര

22 (*22) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഓപ്പറേഷൻ കുബേര' നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) നടപ്പാക്കിയിട്ടുണ്ട്. അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തുവകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തുവകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നത് സംസ്ഥാനത്ത് വ്യാപിക്കുകയും ഇതുമൂലം കൂട്ടആത്മഹത്യകൾ ഉണ്ടാകുന്നതും സാമൂഹിക വിപത്തായി കണ്ടുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കാനായി 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ അമിതപ്പലിശക്കാർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് 11-5-2014 മുതലാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിയത്.

(ബി) അനധികൃത പണമിടപാട് നടത്തപ്പെടുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയമ നടപടികൾക്ക് വിധേയമാക്കി അമിതപ്പലിശമൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യം.

(സി) ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തുന്നുണ്ട്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 511, 468, 407, 420 വകുപ്പുകൾ പ്രകാരവും കേരള മണിലെൻഡേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും 2012-ലെ കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ടിലെ വിവിധ ആക്ടുകൾ പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ

23 (*23) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപാടത്ത് മദർഷിപ്പുകൾ വരാതിരിക്കാനുള്ള നടപടികൾ ദുബായ് പോർട്ട് പ്രയോഗിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly